2279
26-4-18

JS | SO

**കേരള സർക്കാർ**

സംഗ്രഹം

പരിസ്ഥിതി വകുപ്പ് - പൊതു, എയ്ഡഡ് വിഭാഗത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സി.ആർ.ഇസഡ് ക്ലിയറൻസിനായുള്ള പരിശോധനാഫീസിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**പരിസ്ഥിതി (ബി) വകുപ്പ്**

സ.ഉ.(കൈ)നം. 2/2018/പരി                    തീയതി, തിരുവനന്തപുരം : 19.04.2018

=====================================================================

പരാമർശം : 1. തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് മാനേജറുടെ 06.10.2016 ലേയും 10.07.2017 ലേയും കത്തുകൾ

2. കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30.03.2017 ലെ 5181/എ 3/16/KCZMA നം. കത്ത്

**ഉത്തരവ്**

തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ആഡിറ്റോറിയത്തെ CRZ ക്ലിയറൻസിനായുള്ള പരിശോധനാഫീസിൽ നിന്നും ഒഴിവാക്കണമെന്ന് ടി കോളേജിന്റെ മാനേജർ പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

2. തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് ഒരു ഗവൺമെന്റ് എയ്ഡഡ് സ്ഥാപനമാണെന്നും ഗവൺമെന്റ് എയ്ഡഡ് കോളേജുകളുടെ സാമ്പത്തിക സ്രോതസ്സുകളും അഡ്മിഷൻ മാനദണ്ഡങ്ങളും സർക്കാർ കോളേജുകൾക്ക് തുല്യമാണ് എന്നും ആയതിനാൽ എയ്ഡഡ് സ്ഥാപനങ്ങളേയും സർക്കാർ സ്ഥാപനങ്ങൾക്ക് തുല്യമായി പരിഗണിച്ച് ഒരു വലിയ തുക CRZ ക്ലിയറൻസിനായുള്ള പരിശോധനാ ഫീസായി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് മാനേജർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതു, എയ്ഡഡ് വിഭാഗത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും CRZ ക്ലിയറൻസിനായുള്ള പരിശോധനാ ഫീസിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**വി. എച്ച്. കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോറിറ്റി, തിരുവനന്തപുരം
മാനേജർ, സെന്റ് സേവ്യേഴ്സ് കോളേജ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ